**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2235** **30-07-2021 - ൽ മറുപടിയ്ക്ക്**

**തൃക്കരിപ്പൂർ ജലജീവൻ മിഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | **Shri Roshy Augustine**<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | തൃക്കരിപ്പൂർ മണ്ഡലത്തിലെ തൃക്കരിപ്പൂരും സമീപ പഞ്ചായത്തുകളും ഉൾപ്പെടുത്തി ജലജീവൻ മിഷൻ മുഖേന നടപ്പിലാക്കുന്ന സമഗ്ര കുടിവെള്ള പദ്ധതി എന്നാരംഭിക്കാൻ കഴിയുമെന്നറിയിക്കാമോ; | (എ) | തൃക്കരിപ്പൂർ മണ്ഡലത്തിലെ തൃക്കരിപ്പൂരും സമീപ പഞ്ചായത്തുകളും ഉൾപ്പെടുത്തി ജലജീവൻ മിഷൻ മുഖേന നടപ്പിലാക്കുന്ന സമഗ്ര കുടിവെള്ള പദ്ധതി ആരംഭിക്കുന്നതിന് വേണ്ട എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. പദ്ധതിക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി സ്ഥല ലഭ്യത ഉറപ്പാക്കി ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ അടങ്കൽ തുക എത്രയാണെന്നും എത്രകുടുംബങ്ങൾക്ക് പദ്ധതി വഴി ശുദ്ധജലം ലഭിക്കുമെന്നും വ്യക്തമാക്കാമോ? | (ബി) | തൃക്കരിപ്പൂർ മണ്ഡലത്തിലെ തൃക്കരിപ്പൂരും സമീപ പഞ്ചായത്തുകളും ഉൾപ്പെടുത്തി ജലജീവൻ മിഷൻ മുഖേന നടപ്പിലാക്കുന്ന സമഗ്ര കുടിവെള്ള പദ്ധതിക്ക് 30,142 ലക്ഷം രൂപ അടങ്കൽ തുക വരുന്ന എഞ്ചിനീയറിംഗ് റിപ്പോർട്ടാണ് തയ്യാറാക്കിയിട്ടുള്ളത്. പദ്ധതി വഴി തൃക്കരിപ്പൂർ മണ്ഡലത്തിലെ 20,305 കുടുംബങ്ങൾക്കും സമീപ പ്രദേശമായ പയ്യന്നൂർ നിയോജക മണ്ഡലത്തിലെ കരിവെള്ളൂർ-പെരളം,കാങ്കോൽ-ആലപ്പടമ്പ പഞ്ചായത്തുകളിലെ 10,705 കുടുംബങ്ങൾക്കും ശുദ്ധജലം ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ